# Malayala Manorama

# 29 August 2018

# After Flood, Rebuild Kerala, Green Kerala



## ഇത് അപൂർവ അവസരം;
# സൃഷ്ടിക്കാം, ഹരിതകേരളം

**അമിതാഭ് കാന്ത്**

ലണ്ടനിൽ 1666ൽ വൻ അഗ്നിബാധയുണ്ടായി. നാലുദിവസം പടർന്നുകയറിയ അഗ്നിയിൽ ലണ്ടൻ നഗരമാകെ കത്തിയമർന്നു. ഒരു ലക്ഷത്തോളം പേർക്കു വീടുനഷ്ടപ്പെട്ടു. 'ഗ്രേറ്റ് ഫയർ ഓഫ് ലണ്ടൻ' എന്നറിയപ്പെട്ട ആ ദുരന്തം പക്ഷേ, അവർക്കു വലിയൊരു അവസരം കൂടിയായിരുന്നു. പുതിയ ലണ്ടൻ കെട്ടിപ്പടുക്കാനുള്ള അവസരം. അവർ അതു ചെയ്തു. പുതിയ ലണ്ടൻ, തുടർന്നുള്ള നൂറ്റാണ്ടുകളിൽ ബ്രിട്ടിഷ് സാമ്രാജ്യത്തിന്റെ കേന്ദ്രബിന്ദുവായി മാറി. കേരളത്തിനു മുന്നിലും ഇപ്പോൾ ആ അവസരമാണുള്ളത്.

ഔദ്യോഗിക ജീവിതത്തിലെ ഏറ്റവും മികച്ച കുറെ വർഷങ്ങൾ കേരളത്തിൽ ചെലവഴിക്കാൻ ഭാഗ്യമുണ്ടായ ആളാണു ഞാൻ. രണ്ടുപതിറ്റാണ്ടത്തെ കേരളകാലമാണ് എന്നെ ഉദ്യോഗസ്ഥനെന്ന നിലയിൽ രൂപപ്പെടുത്തിയതെന്നു പറയാം.

കേരളത്തെയും മലയാളികളെയും നേരിട്ടും അടുത്തും അറിയാവുന്നതു കൊണ്ട് എനിക്കുറപ്പു പറയാൻ കഴിയും; കേരളം തിരികെ വരും; ഒപ്പം, ലോകത്തിലെ ഏറ്റവും ആധുനികവും ആസൂത്രിതവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സംസ്ഥാനമായി മാറുകയും ചെയ്യും.

പ്രളയകാലത്തും തുടർന്നും കേരളത്തിൽനിന്നു കേൾക്കുന്ന നന്മയുടെയും സ്ഥിരോൽസാഹത്തിന്റെയും ധീരതയുടെയും കരുത്തിന്റെയും ആത്മാഭിമാനത്തിന്റെയും കഥകൾ ആവേശഭരിതമാണ്. മലയാളി സമൂഹത്തിന്റെ ഓരോ വിഭാഗവും പ്രതിസന്ധിഘട്ടത്തിൽ എങ്ങനെ ഒരുമിച്ചുനിന്നുവെന്നത് എല്ലാവർക്കും മാതൃകയാണ്. ഇനി, പുനഃസൃഷ്ടിയുടെ നാളുകളാണ്. അപ്പോഴും, കേരളം കൈകോർത്തുപിടിക്കുക തന്നെ ചെയ്യുമെന്നുറപ്പാണ്.

> കേരളം തിരികെ വരും; ഒപ്പം, ലോകത്തിലെ ഏറ്റവും ആധുനികവും ആസൂത്രിതവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സംസ്ഥാനമായി മാറുകയും ചെയ്യും.

## മുന്നോട്ടുള്ള വഴി

നാലു പ്രധാന കാര്യങ്ങളിലാണ് ഇനി കേരളത്തിന്റെ ശ്രദ്ധപതിയേണ്ടത്.

### 1. പകർച്ചവ്യാധി പ്രതിരോധം

ഇതിനുള്ള ശ്രമങ്ങൾ ഇപ്പോൾ തന്നെ ആരംഭിച്ചുവെന്നത് സന്തോഷകരമാണ്. ഡെങ്കി, ചിക്കുൻ ഗുനിയ, മലേറിയ, മറ്റു ജലജന്യരോഗങ്ങൾ എന്നിവയടക്കമുള്ള രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യം ഒഴിവാക്കാൻ വൻ ശ്രമം വേണ്ടിവരും. ബോധവൽക്കരണം, ശുചീകരണം, വാക്സിനേഷൻ എന്നിവയ്ക്കു പ്രത്യേക ഊന്നൽ നൽകി ജനങ്ങളുമായി കൈകോർത്തുള്ള മഹാദൗത്യമാണ് ഇതിനായി നടത്തേണ്ടത്. ആരോഗ്യരംഗത്തെ ഏജൻസികൾ, പുനരധിവാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ വിഭാഗങ്ങളുമായി ചേർന്ന് ഇതു യാഥാർഥ്യമാക്കണം. ശുദ്ധജലം എല്ലായിടങ്ങളിലും എത്തിക്കുക എന്നതും വലിയ വെല്ലുവിളിയാണ്.

നിരന്തരമായ നിരീക്ഷണത്തിലൂടെ, പകർച്ചവ്യാധി വ്യാപനത്തിന്റെ സാധ്യത കണ്ടെത്തുകയും അതുണ്ടായാലുടൻ വിദഗ്ധരുടെ നേതൃത്വത്തിൽ അതിവേഗം അതിനോടു പ്രതികരിക്കുകയും വേണം. മരുന്നുകളും വാക്സിനുകളും യഥാവിധി നൽകണം. ബോധവൽക്കരണം ഇക്കാര്യത്തിൽ വലിയ മാറ്റമുണ്ടാക്കും. കേരളത്തിനുള്ള ഏറ്റവും വലിയ സാധ്യതയും അതു തന്നെയാണ്. പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും നേരിടുന്ന കാര്യത്തിൽ കേരളമാതൃക ഇപ്പോൾ തന്നെ നിലവിലുണ്ട്. പ്രളയാനന്തര രോഗപ്രതിരോധത്തിന്റെ കാര്യത്തിലും കേരളം റോൾ മോഡലായി തുടരുമെന്ന് എനിക്കുറപ്പാണ്.

### 2. ജീവിതമാർഗമൊരുക്കൽ

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കു ജീവിതമാർഗവും ജീവിത സുരക്ഷയും ഉറപ്പാക്കുക എന്നതാണു രണ്ടാമത്തെ വലിയ ദൗത്യം. കൃഷി, കാർഷികോൽപാദനം, പ്ലാന്റേഷൻ മേഖലകളിൽ പ്രളയമുണ്ടാക്കിയതു കൊടുംനാശമാണ്. എല്ലാ കൃഷിയും നശിച്ച കർഷകർക്ക് അവരുടെ കടങ്ങളും വായ്പകളും വീട്ടിത്തീർക്കുക വലിയ വെല്ലുവിളിയാകും. അവർക്ക് വരുമാനം കണ്ടെത്താനുള്ള സഹായം സർക്കാർ നൽകണം, വായ്പകളുടെ തിരിച്ചടവു ക്രമീകരിച്ച് ബാങ്കുകളും സഹായിക്കണം. ജീവിതവും ജീവിതമാർഗവും തിരിച്ചുപിടിക്കാനുള്ള രക്ഷാകരങ്ങൾ നമ്മൾ നീട്ടണം.

### 3. പുനർനിർമാണം

റോഡുകൾ, വീടുകൾ, സ്ഥാപനങ്ങൾ എന്നിവയടക്കം എല്ലാ അടിസ്ഥാനസൗകര്യങ്ങളും തകർത്തെറിഞ്ഞാണു പ്രളയം കടന്നുപോയത്. അവയെല്ലാം പുനഃസൃഷ്ടിക്കുകയും പുനഃസ്ഥാപിക്കുകയും വേണം. പൊതുമരാമത്തു വകുപ്പ്, വൈദ്യുതി ബോർഡ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളെല്ലാം അതിവേഗം ഇതു സാധ്യമാക്കാനായി രംഗത്തിറങ്ങണം. നശിച്ച വീടുകൾ പുനർനിർമിക്കാൻ പൂർണമായ സഹായവും പിന്തുണയും നൽകണം.

### 4. ഹരിതകേരള സൃഷ്ടി

ഏറ്റവും പ്രധാനപ്പെട്ടത്, ഹരിതവളർച്ചയുടെയും സുസ്ഥിര വികസനത്തിന്റെയും പുതിയൊരു കേരള മോഡൽ സൃഷ്ടിക്കാൻ ഈ അപൂർവ അവസരം പ്രയോജനപ്പെടുത്തുക എന്നതാണ്. നമുക്കുള്ളതിൽ ഏറ്റവും മികച്ച ആസൂത്രണവിദഗ്ധരുടെയും ആർക്കിടെക്റ്റുകളുടെയും സഹകരണത്തോടെ വിശദവും ശാസ്ത്രീയവുമായ പ്രവർത്തനരൂപരേഖ ഇതിനായി തയാറാക്കണം. കേരളത്തിലെ നഗരങ്ങൾക്ക് ഏറ്റവും ആധുനികമായ മാലിന്യമാനേജ്മെന്റ് സംവിധാനങ്ങളും ദുരന്ത നിവാരണ പദ്ധതിയുമുണ്ടാകണം. പുതിയ കേരളത്തിൽ ഇവ അവിഭാജ്യ ഘടകങ്ങളായിരിക്കണം. ജൈവവൈവിധ്യ കലവറയാണ് കേരളം. എന്നാൽ, കഴിഞ്ഞ കാലത്ത് സമഗ്രമായ കാഴ്ചപ്പാടോ ആസൂത്രണമോ ഇല്ലാത്ത പ്രവൃത്തികളാണ് കേരളത്തിലുണ്ടായിട്ടുള്ളതെന്നു പറയാതെ വയ്യ.

അശ്രദ്ധമായ നിർമാണങ്ങൾ, കയ്യേറ്റങ്ങൾ, മലിനീകരണം, ജലമാർഗങ്ങളിലെ തടസ്സം... അങ്ങനെ ഒരുപാടു കാര്യങ്ങൾ. മലനിരകൾ, തോട്ടങ്ങൾ, കായലുകൾ, ചതുപ്പുകൾ, തോടുകൾ, പാടങ്ങൾ... അങ്ങനെ കേരളത്തെ വ്യതിരിക്തമാക്കുന്ന എല്ലാ ഭംഗികളും സമ്പത്തുകളും സംരക്ഷിച്ചും അവയ്ക്കു പുതുജീവൻ നൽകിയും വേണം മുന്നോട്ടുള്ള യാത്ര. ഉത്തരവാദ ടൂറിസം ഒരിക്കൽകൂടി കേരളത്തിന്റെ നട്ടെല്ലായി മാറണം. ഇതു കേരളത്തിന് അപൂർവമായൊരു അവസരമാണെന്നു തുടക്കത്തിൽ പറഞ്ഞത് ഇക്കാരണങ്ങൾകൊണ്ടാണ്. ഏറ്റവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ അടിസ്ഥാനസൗകര്യവികസനമാർഗം കണ്ടെത്തി, പുതിയ ഹരിത കേരളം സൃഷ്ടിച്ച് ലോകത്തിനു മാതൃകയാകാൻ കേരളത്തിനു കഴിയണം.

## ലോകം ഉറ്റുനോക്കുന്നു

സർക്കാരിന്റേതടക്കമുള്ള സംവിധാനങ്ങൾക്ക് ഒരുപാടു കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നതു ശരിതന്നെ. പക്ഷേ, കേരളം കൂടുതൽ മികവോടെയും തിളക്കത്തോടെയും മടങ്ങിവരുമെന്നു ഞാനടക്കമുള്ള ഓരോ ഇന്ത്യക്കാരനും കരുതുന്നതിന്റെ അടിസ്ഥാനം, തുടക്കത്തിൽ പറഞ്ഞതു പോലെ അവിടെനിന്നു കേൾക്കുന്ന ധീരതയുടെയും നിസ്വാർഥതയുടെയും ഉത്സാഹത്തിന്റെയും വ്യത്യസ്ത ആശയങ്ങളുടെയും നൂറുനൂറു കഥകളാണ്. കേരളം, എല്ലാ അർഥത്തിലും ദൈവത്തിന്റെ സ്വന്തം നാടാണ്. സുധീരമായ മടങ്ങിവരവിന്റെയും സുസ്ഥിരവും ഹരിതാഭവുമായ നവകേരള സൃഷ്ടിയുടെയും പുതിയ കഥകൾക്കായി ലോകം കേരളത്തിലേക്കു നോക്കുകയാണ് ഇപ്പോൾ.

*(നിതി ആയോഗ് സിഇഒ ആണ് ലേഖകൻ)*